Draft #57 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 08-Jun-2021 06:09 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 തീയതി: 08.06.2021

**<u>സർക്കുലർ</u>**

വിഷയം:- സർവ്വകലാശാല ഭരണം: കോവിഡ് 19 നിർവ്യാപനം - 'ലോക്ക് ഡൗൺ' - സർവ്വകലാശാല പ്രവർത്തനങ്ങളുടെ ക്രമീകരണം - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. കേരള സർക്കാർ ഡിസാസ്റ്റർ മാനേജ്മെൻറ് (എ) ഡിപ്പാർട്ട്മെൻറിൻറെ 31.05.2021 തീയതിയിലെ G.O.(Rt)No.448/2021/DMD നമ്പർ ഉത്തരവ്.
2. 31.05.2021 തീയതിയിലെ 17152/AD A1SO/2020/എ ഡി എ 1 നമ്പർ സർവ്വകലാശാല പരിപത്രം.
3. 02.06.2021 തീയതിയിലെ 17152/AD A1SO/2020/എ ഡി എ 1 നമ്പർ സർവ്വകലാശാല പരിപത്രം.
4. കേരള സർക്കാർ ഡിസാസ്റ്റർ മാനേജ്മെൻറ് (എ) ഡിപ്പാർട്ട്മെൻറിൻറെ 03.06.2021 തീയതിയിലെ G.O.(Rt)No.452/2021/DMD നമ്പർ ഉത്തരവ്.
5. കേരള സർക്കാർ ഡിസാസ്റ്റർ മാനേജ്മെൻറ് (എ) ഡിപ്പാർട്ട്മെൻറിൻറെ 03.06.2021 തീയതിയിലെ G.O.(Rt)No.455/2021/DMD നമ്പർ ഉത്തരവ്.
6. കേരള സർക്കാർ ഡിസാസ്റ്റർ മാനേജ്മെൻറ് (എ) ഡിപ്പാർട്ട്മെൻറിൻറെ 04.06.2021 തീയതിയിലെ G.O.(Rt)No.456/2021/DMD നമ്പർ ഉത്തരവ്.
7. കേരള സർക്കാർ ഡിസാസ്റ്റർ മാനേജ്മെൻറ് (എ) ഡിപ്പാർട്ട്മെൻറിൻറെ 07.06.2021 തീയതിയിലെ G.O.(Rt)No.459/2021/DMD നമ്പർ ഉത്തരവ്.

-------------

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം, 2021 ജൂൺ 7 മുതൽ എല്ലാ കേന്ദ്ര / സംസ്ഥാന സർക്കാർ ഓഫീസുകളും 50% ജീവനക്കാരെ ഉൾപ്പെടുത്തി റൊട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കണമെന്ന നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ, സർവ്വകലാശാലയിൽ 2021 ജൂൺ 9 വരെ ഏർപ്പെടുത്തിയിരുന്ന ലോക്ക് ഡൗണിൻറെ ഭാഗമായ പ്രവർത്തന നിയന്ത്രണങ്ങൾ 2021 ജൂൺ 6 വരെ മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടും, സർവ്വകലാശാലയിലെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും സൂചന (3) പ്രകാരം സർവ്വകലാശാല പരിപത്രം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, ജൂൺ 7 മുതൽ 50% ജീവനക്കാരെ ഉൾപ്പെടുത്തി റൊട്ടേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്നുള്ളത്, ജൂൺ 10 മുതൽ നടപ്പിലാക്കുന്നതിന് സൂചന (5) പ്രകാരം സർക്കാർ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും, കോവിഡ് പ്രതിസന്ധി രൂക്ഷമായി തന്നെ തുടരുന്ന സാഹചര്യത്തിൽ, കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കുറയ്ക്കുന്നതിൻറെ ഭാഗമായി, 'ലോക്ക് ഡൗൺ' ജൂൺ 16 വരെ നീട്ടിക്കൊണ്ടും, ജൂൺ 10 മുതൽ സർക്കാർ സ്ഥാപനങ്ങൾ 50% ജീവനക്കാരെ ഉൾപ്പെടുത്തി പ്രവർത്തിക്കണമെന്നുള്ളത്, ജൂൺ 17 മുതൽ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും സൂചന (7) പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു.

പ്രസ്തുത ഉത്തരവിൻറെ പശ്ചാത്തലത്തിലും, സൂചന (4), (6), (7) എന്നീ സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, ലോക്ക് ഡൗണിൻറെ ഭാഗമായി സൂചന (2) പരിപത്രം പ്രകാരം സർവ്വകലശാലയിൽ ഏർപ്പെടുത്തിയിരുന്ന പ്രവർത്തന നിയന്ത്രണങ്ങൾ 2021 ജൂൺ 16 വരെ തുടർന്നുകൊണ്ടും, സൂചന (3) പ്രകാരം സർവകലാശാലയിൽ പുറപ്പെടുവിച്ച പരിപത്രം പരിഷ്ക്കരിച്ചുകൊണ്ടും, വൈസ് ചാൻസലറുടെ അംഗീകാരത്തോടെ, സർവ്വകലാശാല പ്രവർത്തനങ്ങളിൽ താഴെ പറയും വിധം ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊള്ളുന്നു.

1. സർവ്വകലാശാലയിൽ നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതും, പരീക്ഷാ സംബന്ധമായ ജോലികൾ നിർവ്വഹിക്കേണ്ടതുമായ സെക്ഷനുകൾ 02.06.2021 തീയതി മുതൽ പരിമിതമായ ജീവനക്കാരുമായി പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിന് സൂചന (3) പ്രകാരം അതാത് ബ്രാഞ്ച് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. ഇപ്രകാരം ജീവനക്കാർ കൃത്യമായി ജോലിക്ക് ഹാജരാകുന്നുണ്ടെന്ന് ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

2. 2021 ജൂൺ 17 മുതൽ സർവ്വകലാശാലയിലെ എല്ലാ വിഭാഗം ജീവനക്കാരും 50 % നിരക്കിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ ജോലിക്ക് ഹാജരാകേണ്ടതാണ്. സർവ്വകലാശാലയിലെ എല്ലാ പഠനവിഭാഗങ്ങൾക്കും സ്റ്റഡി സെൻററുകൾക്കും ഈ നിബന്ധന ബാധകമായിരിക്കും.

- 50% നിരക്കിൽ ഹാജരാകേണ്ട ജീവനക്കാരുടെ 'റൊട്ടേഷൻ റോസ്റ്റർ' തയ്യാറാക്കുന്നതിനും, ആയത് പ്രകാരം ജീവനക്കാർ ഹാജരാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.
- പഠനവിഭാഗങ്ങളിലും, സ്റ്റഡി സെൻററുകളിലും 50% ജീവനക്കാർ ഹാജരാകുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഉറപ്പാക്കേണ്ടതാണ്.
- 'റൊട്ടേഷൻ റോസ്റ്റർ' പ്രകാരം ഹാജരാകേണ്ട ദിവസങ്ങളിൽ മതിയായ കാരണം കൂടാതെ ജോലിക്ക് ഹാജരാകാതിരിക്കുന്ന ജീവനക്കാരുടെ പ്രസ്തുത ദിവസങ്ങൾ ആകസ്മിക / അർഹമായ അവധിയായി കണക്കാക്കുന്നതാണ്.
- ജീവനക്കാരുടെ ദൈനംദിന ഹാജർ നില, ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർമാർ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

3. സർവ്വകലാശാലയിലെ സെക്യൂരിറ്റി, ക്ലീനിംഗ്, ഗാർഡൻ, ഡ്രൈവർ, കണ്ടക്ടർ, ഹെൽത്ത് സെൻറർ, എൻജിനീയറിംഗ് (ജലവിതരണം, ഇലക്ട്രിസിറ്റി) തുടങ്ങിയ അവശ്യ സേവന വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാർ 50% എന്ന വ്യവസ്ഥ കണക്കാക്കാതെ 2021 ജൂൺ 17 മുതൽ പൂർണ്ണമായ തോതിൽ ജോലിക്ക് ഹാജരാകേണ്ടതാണ്.
4. CITAD, CETEX വിഭാഗങ്ങളിലെ പ്രോഗ്രാമർമാർ, ഹാർഡ്‌വെയർ എൻജിനീയർമാർ എന്നിവരും 50% എന്ന വ്യവസ്ഥ കണക്കാക്കാതെ 2021 ജൂൺ 17 മുതൽ പൂർണ്ണമായ തോതിൽ ജോലിക്ക് ഹാജരാകേണ്ടതാണ്.
5. ഗർഭിണികൾ, ഒരു വയസ്സിൽ താഴെ പ്രായമുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ, ഭിന്നശേഷിക്കാർ, ഓട്ടിസം, സെറിബ്രൽ പാൾസി, മറ്റ് മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾ, ഗുരുതര രോഗ ബാധിതർ, അവയവ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകാൻ പോകുന്നവർ/വിധേയരായവർ (ഹൃദയ വാൽവ് മാറ്റി വെയ്ക്കപ്പെട്ടവർ ഉൾപ്പെടെ), ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, ഒരു മാസത്തിന് മുൻപ് ഗുരുതരമായ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവരും വിധേയരാകാൻ പോകുന്നവരുമായ രോഗികൾ (ശസ്ത്രക്രിയ കഴിഞ്ഞ് പരമാവധി ഒരു മാസത്തേയ്ക്ക്) തുടങ്ങിയ ജീവനക്കാർക്ക് 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ഏർപ്പെടുത്തേണ്ടതാണ്.

- 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ സൗകര്യം ലഭ്യമല്ലാത്ത മേല്പറഞ്ഞ വിഭാഗം ജീവനക്കാരുടെ കാര്യത്തിൽ, ടിയാളുകളുടെ വ്യക്തിഗത അപേക്ഷകൾ പരിശോധിച്ചും, സാഹചര്യങ്ങൾ വിലയിരുത്തിയും, യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനും, അർഹമെങ്കിൽ ഓഫീസിൽ ഹാജരാകാതിരുന്ന തീയതികൾ പ്രത്യേക ആകസ്മിക അവധിയായി കണക്കാക്കുന്നതിനും, അതാത് ബ്രാഞ്ച് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

Draft #57 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 08-Jun-2021 06:09 PM - Page 2